LIBRARY ARCHIVES Kerala Legislative Assembly

തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും ഫലപ്രദമായ ഏകോപനം നൽകുന്നതിനും പ്രസ്തുത കമ്മിറ്റി പുനഃസ്ഥാപിച്ചുകൊണ്ട് 13-4-2015-ലെ സ.ഉ.(കൈ)നം.14/2014/ഉഭപവ. നം. പ്രകാരം ഉത്തരവായി. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മേൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്. എന്നിരുന്നാലും ചില വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി വിവിധ കോടതികളേയും ട്രൈബ്യൂണലുകളെയും മറ്റ് നിയമ ഫോറങ്ങളെയും സമീപിക്കുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കം ഒഴിവാക്കുന്നതിനായി ഭരണപരമായ ഒരു സംവിധാനം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും തർക്ക വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാർ അടങ്ങുന്ന ഒരു സമിതിയായി പുനഃസംഘടിപ്പിച്ചുകൊണ്ടും 15-9-2021-ലെ സ.ഉ.(കൈ)നം. 21/2021/ഉഭപവ. നമ്പർ പ്രകാരം ഉത്തരവായി. മേൽ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

പി. എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ

16 (16) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ എത്ര പേർ താൽക്കാലികം, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട തസ്തികയിൽ എത്ര പേർ താൽക്കാലികം, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എസ്.സി മുഖേന നികത്തേണ്ട എല്ലാ ഒഴിവുകളും അവ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പെൻഷൻ പ്രായപരിധി

17 (17) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പെൻഷൻപ്രായം വർദ്ധിപ്പിക്കുമ്പോൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എപ്രകാരം നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായപരിധി ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഓരോ വർഷവും ശരാശരി എത്ര കോടി രൂപ ബാധ്യത വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതം	ആകെ ചെലവഴിച്ച തുക
2016-17	15503.43	15278.07
2017-18	18174.29	19939.4
2018-19	18221.3	19015.12
2019-20	18911.83	19067.52
2020-21	20970.41	18945.58

ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ

18 (18) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ഗസറ്റഡ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly